**Lalith Babu**

# വിവരാവകാശ അപേക്ഷ സ്വീകരിക്കുവാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ

അപേക്ഷ സ്വീകരിക്കാനുള്ള പ്രാഥമിക ചുമതല അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കാണ്. അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ഇല്ലാത്ത ഓഫീസാണെങ്കിൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസറോ അല്ലെങ്കിൽ സാധാരണ തപാൽ സ്വീകരിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണോ ആ ഉദ്യോഗസ്ഥനോ അപേക്ഷ വാങ്ങിച്ചിരിക്കേണ്ടതാണ്. പൊതുഭരണവകുപ്പ് പുറപ്പെടുവിച്ച സർക്കുലറിൽ ഇപ്രകാരം പറയുന്നു.

***"പൗരന്മാർ സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് ഇൻഫർമേഷൻ ഓഫീസർമാർക്ക് കൈമാറുക. ഇൻഫർമേഷൻ ഓഫീസർമാരുടെയും അപ്പലറ്റ് ഓഫീസർമാരുടെയും തീരുമാനങ്ങൾക്കെതിരെ സമർപ്പിക്കുന്ന അപ്പീൽ ഹർജികൾ യഥാക്രമം അപ്പലറ്റ് ഓഫീസർമാർക്കും സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനും കൈമാറുക എന്നിവയാണ് അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല"***.

അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ഓഫീസിൽ ഇല്ല എന്ന കാരണത്താൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ അപേക്ഷകൻ പലതവണ ഓഫീസിൽ കയറിയിറങ്ങേണ്ടിവന്ന സംഭവം ഉണ്ടാകാൻ പാടില്ല. ഇപ്രകാരം സംഭവിച്ചാൽ വകുപ്പ് 18 പ്രകാരം അപേക്ഷകന് സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവകാശമുണ്ട്